പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2566 | 07.10.2016 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ എത്ര രൂപയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 30.09.2016 തീയതിയിൽ 41,46,05,340/- രൂപ (നാൽപത്തിയൊന്നു കോടി നാൽപ്പത്തിയാറ് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത് രൂപ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നീക്കിയിരിപ്പുണ്ട് |
| (ബി) പാലക്കാട് ജില്ലയിൽ നിന്നും ഇതുവരെ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) പാലക്കാട് ജില്ലയിൽ നിന്നും ₹22,50,51,615/- (ഇരുപത്തി രണ്ട് കോടി അൻപത് ലക്ഷത്തി അമ്പത്തി ഒരായിരത്തി അറുന്നൂറ്റി പതിനഞ്ച്) രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലവഴിക്കുന്നത്; 01.07.11 മുതൽ 31.03.16 വരെ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് വകുപ്പ് 13 പ്രകാരം റോഡ് സുരക്ഷാ പരിപാടികൾക്കും, റോഡ് സുരക്ഷാ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾക്കും, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്കും, റോഡ് സുരക്ഷാ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിനും, ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും, അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്കും, അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന |

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിനും, നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനുമായാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്.

01.07.2011 മുതൽ 31.03.2016 വരെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും അതോറിറ്റിയുടെ യോഗ തീരുമാന പ്രകാരം വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകുപ്പ്/സ്ഥാപനങ്ങൾ | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| പോലീസ് | 20,80,56,000 |
| മോട്ടോർ വാഹന വകുപ്പ് | 27,27,62,620 |
| പൊതുമരാമത്ത് വകുപ്പ് | 8,46,15,503 |
| ആരോഗ്യ വകുപ്പ് | 4,10,68,949 |
| വിദ്യാഭ്യാസ വകുപ്പ് | 13,00,000 |
| ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ | 4,24,39,600 |
| കെൽട്രോൺ | 16,09,79,291 |
| നാറ്റ്പാക്ക് | 6,14,51,852 |
| മീഡിയ | 2,57,89,389 |

സെക്ഷൻ ഓഫീസർ